## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *110 — 11-07-2016 -ൽ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന മുങ്ങിമരണങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.എം.ഷാജി**<br>**ഡോ. എം.കെ.മുനീർ**<br>**ശ്രീ.പി.ബി.അബ്ദുൽ റസ്സാക്ക്**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് മുങ്ങിമരണങ്ങൾ അടുത്തിടെയായി വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ; | ബി) | വിശദമായ വിശകലനം നടത്തിയിട്ടില്ല. എന്നിരുന്നാലും ദുരന്തങ്ങൾ ആവർത്തിക്കുന്നതിനുള്ള പ്രധാന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആവശ്യത്തിന് മുൻകരുതൽ സ്വീകരിക്കാത്തതും നീന്തൽ പരിജ്ഞാനം ഇല്ലാത്തതും നീന്തുമ്പോൾ സ്വീകരിക്കേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ ഉപയോഗിക്കാത്തതും അപകട സാധ്യതാ മേഖലകളിലെ മുന്നറിയിപ്പുകൾ അവഗണിക്കുന്നതും ലഹരി വസ്തുക്കളുടെ ഉപയോഗവും ഇത്തരം അപകടങ്ങൾക്ക് കാരണങ്ങളാകുന്നുണ്ട്. കൂടാതെ അപരിചിതമായ സ്ഥലങ്ങളിലെ വെള്ളക്കെട്ടുകളിലും പുഴകളിലും ഇറങ്ങുന്നതും നീന്തൽ അറിയുന്നവരുടെ അതിസാഹസികതയും മുങ്ങി മരണങ്ങൾക്ക് കാരണമാകാറുണ്ട്. അതനുസരിച്ച് മുൻകരുതൽ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഇത്തരം ദുരന്തങ്ങളിൽപ്പെടുന്നത് അധികവും വിദ്യാർത്ഥികളും യുവാക്കളുമാണെന്നതു കൊണ്ടുള്ള ദേശീയനഷ്ടം കണക്കിലെടുത്ത് ഇക്കാര്യത്തിൽ മതിയായ മുൻകരുതൽ എടുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ? | സി) | മുങ്ങി മരണം സംബന്ധിച്ച് ബോധവത്ക്കരണം നടത്തുന്നതിനായി കേരള ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസറുടേയും ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസറുടേയും സഹകരണത്തോടുകൂടി സംസ്ഥാനത്തിലെ എല്ലാ സ്കൂൾ / കോളേജുകളിലും പ്രത്യേക അസംബ്ലി കൂടുകയും, ലഘുലേഖയും മാർഗ്ഗ |

| | | | |
|---|---|---|---|
| | | | നിർദ്ദേശങ്ങളും വിതരണം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കടൽക്ഷോഭവും വെള്ളപ്പൊക്കവും മറ്റുമുള്ള അവസരങ്ങളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ബീച്ചുകളിലും പ്രധാന കടവുകളിലും മഴക്കാലത്തിന് മുന്നോടിയായിത്തന്നെ അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് മഴക്കാല പൂർവ്വ തയ്യാറെടുപ്പ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിൻ പ്രകാരം പുഴകളിലെയും കുളങ്ങളിലെയും അപകടകരമായ സ്ഥലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലകളിലെ ഫയർ ഫോഴ്സും ചേർന്ന് സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനും പുഴയുടെയും കുളങ്ങളുടെയും പരിസരത്ത് താമസിക്കുന്ന ചെറുപ്പക്കാർക്ക് രക്ഷാ പ്രവർത്തനം നടത്തുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ